നമ്പർ - എൻ1/71506/12/ഡി.പി.ഐ

വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്
തിരുവനന്തപുരം, തീയതി 28.11.2012

## *സർക്കുലർ*

വിഷയം- പൊ.വി - തൊഴിൽവകുപ്പ് - ആം ആദ്മി ബീമായോജന സ്കോളർഷിപ്പ്- അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന - ലേബർ കമ്മീഷണറുടെ 10.10.2012 ലെ പി(3)20097/11 നമ്പർ അ.ഔ.കത്ത്.

മേൽസൂചനപ്രകാരം 2008-09 സാമ്പത്തികവർഷം മുതൽ ആം ആദ്മി ബീമായോജന സ്കോളർഷിപ്പ് പദ്ധതി നടപ്പിൽ വരുന്നതിലേയ്ക്ക് ലേബർ കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഇതിലേയ്ക്കായി താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2008-09 സാമ്പത്തികവർഷം മുതൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ (5 സെന്റ് വരെ ഭൂമിയുള്ള) കുടുംബനാഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പദ്ധതിയാണ്. ആം ആദ്മി ബീമായോജന(ആബി). അംഗങ്ങളായി ചേരുന്നവരുടെ (18 മുതൽ 59 വയസ്സുവരെയുള്ളവരുടെ) സ്വാഭാവിക മരണത്തിന് 30,000/- രൂപയും അപകടം മൂലം പൂർണ്ണ അവശതയുള്ളവർക്ക് 75,000/- രൂപയും അപകടം മൂലം ഒരു കണ്ണോ ഒരു അവയവമോ നഷ്ടമാകുന്നവർക്ക് 37,500/- രൂപയും രണ്ട് കണ്ണോ രണ്ട് അവയവമോ അഥവാ ഒരു കണ്ണും ഒരു അവയവവും നഷ്ടപ്പെടുന്നവർക്ക് 75,000/- രൂപ എന്നിങ്ങനെ ഇൻഷ്വറൻസ് പരിരക്ഷ ഈ പദ്ധതിപ്രകാരം ലഭ്യമാകുന്നതാണ്.

കൂടാതെ അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അതായത് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ഗവണ്മെന്റ് ഐ.ടി.ഐ എന്നീ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് (ഒരു കുടുംബത്തിലാണെങ്കിൽ പരമാവധി ഒരേ സമയം രണ്ട് കുട്ടികൾക്ക്) പ്രതിമാസം 100/- രൂപ സ്കോളർഷിപ്പ് നൽകുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നു. ഈ സ്കോളർഷിപ്പ് വർഷത്തിൽ രണ്ടു പ്രാവശ്യമായി വിതരണം

ചെയ്യുന്നതാണ്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനുവേണ്ടി നിശ്ചിതഫോറത്തിലുള്ള അപേക്ഷകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തിരം പദ്ധതി ഇൻഷ്വർ ചെയ്തിട്ടുള്ള എൽ.ഐ.സിയിലേയ്ക്ക് അയയ്ക്കുകയും എൽ.ഐ.സി അവ സൂക്ഷ്മ പരിശോധന നടത്തിയശേഷം അർഹതപ്പെട്ട തുക സ്കോളർഷിപ്പായി അനുവദിച്ചു നൽകുകയും ചെയ്യുന്നു. നിലവിൽ നൽകിയിട്ടുള്ള ആബി സ്കോളർഷിപ്പ് പ്രകാരമുള്ള അപേക്ഷ ഫോറങ്ങളിൽ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, സ്ഥലം എന്നിവ കൂടി രേഖപ്പെടുത്തി അയയ്ക്കുകയാണെങ്കിൽ ടി സ്കോളർഷിപ്പ് തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് എൽ.ഐ.സി യ്ക്ക് തന്നെ നേരിട്ട് നൽകാൻ കഴിയുന്നതാണ്. 2012 ഡിസംബർ മാസം 31 വരെ പദ്ധതിയിൽ അംഗമാകുന്നവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷകളും (തൻവർഷത്തെ സ്കോളർഷിപ്പിനായുള്ളത്) പരിഗണിക്കുന്നതാണെന്ന് എൽ.ഐ.സി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയിലേയ്ക്ക് അർഹതയുള്ള എല്ലാവരേയും അംഗങ്ങളായി ചേർക്കുന്നതിന് താങ്കളുടെ കീഴിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ആവശ്യമായ നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്. ലഭ്യമാകുന്ന എല്ലാ അപേക്ഷകളും (എൻറോൾമെന്റ് &സ്കോളർഷിപ്പ്) അതാത് പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഏൽപ്പിക്കേണ്ടതാണ്. ഈ പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലേബർ ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്.

*ഒപ്പ്*

*വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി*

*അംഗീകാരത്തോടെ*

*സൂപ്രണ്ട്*

*എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും*
*എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാരും*